# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2311

## 05-11-2019 ൽ മറുപടിക്ക്

## കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ ഗുണനിലവാര പരിശോധന

| ചോദ്യം<br>ശ്രീ. വി.എസ്.ശിവകുമാർ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ ഗുണനിലവാര പരിശോധന നടത്തി ഗുണമേന്മ വിലയിരുത്തുന്നതിനായി മൊബൈൽ ക്വാളിറ്റി മാനേജ്മെന്റ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;വ്യക്തമാക്കാമോ; | ആരംഭിച്ചിട്ടുണ്ട്. മെറ്റീരിയലുകൾ പരിശോധിക്കുവാനും സൈറ്റ് പരിശോധിക്കുവാനും രൂപകൽപ്പന ചെയ്തിട്ടുള്ള സംവിധാനം ആണ് ഓട്ടോ ലാബ്. കൂടാതെ സർവ്വേ, ദൃശ്യവിവരങ്ങളുടെ സമാഹാരം എന്നിവയും ഓട്ടോലാബ് ഏറ്റെടുത്തു നടത്തുന്നു. |
| (ബി) ഈ യൂണിറ്റ് നിലവിൽ എത്ര പദ്ധതികളുടെ ഗുണനിലവാര പരിശോധന നടത്തിയിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വിശദമാക്കാമോ; | 23 പദ്ധതികളുടെ ഗുണനിലവാര പരിശോധന നടത്തിയിട്ടുണ്ട്. പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. അമരവിള-ഒറ്റശേഖരമംഗലം റോഡ്<br>2. മുട്ടൂർ-കുട്ടൂർ റോഡ്<br>3. ചങ്ങനാശ്ശേരി-കവിയൂർ റോഡ്<br>4. ജേക്കബ്സ് റോഡ്<br>5. നാലുമുക്ക്-ഭരണിക്കാവ് റോഡ്<br>6. പാലോട്-ബ്രൈമൂർ റോഡ്<br>7. മാമല-പിറവം റോഡ്<br>8. മടത്തുംചാൽ-മുക്കോട്ടുതറ റോഡ്<br>9. മണ്ണാർകുളഞ്ഞി-കോഴഞ്ചേരി റോഡ്<br>10. മുട്ടൂർ-കുട്ടൂർ റോഡ്<br>11. അട്ടച്ചാക്കൽ-കുമ്പളംപൊയ്ക റോഡ് |

| | |
|---|---|
| | 12. പുനലൂർ ടൗൺ റോഡ്<br>13. മെഴുവിന്മേൽ-കുന്നിക്കോട് റോഡ്<br>14. ചെറുന്നിയൂർ-ഒറ്റൂർ റോഡ്<br>15. ശിവഗിരി റിങ് റോഡ്<br>16. വെട്ടുമുക്ക് മൈനാഗപ്പള്ളി-ശാസ്താംകോട്ട റോഡ്<br>17. കണ്ടറ-ചിറ്റുമല റോഡ്<br>18. എലഞ്ഞിമേൽ-ഹരിപ്പാട് റോഡ്<br>19. കറത്തിയമ്പലം -മാന്നാർ റോഡ്<br>20. മഠത്തിപ്പറമ്പ്-അർത്തുങ്കൽ റോഡ്<br>21. കലവൂർ-കാട്ടൂർ റോഡ്<br>22. കൈതവന-പഴയനട-അമ്പലപ്പുഴ റോഡ്<br>23. വാരൻകവല കോൾഗേറ്റ് റോഡ് |
| (സി) ഇതിൽ എത്ര പദ്ധതികൾക്കാണ് ഗുണനിലവാര പോരായ്മകൾ കണ്ടുപിടിച്ചതെന്ന് വ്യക്തമാക്കാമോ; പോരായ്മകൾ എന്താണെന്ന് വിശദീകരിക്കാമോ; | അമരവിള - ഒറ്റശേഖരമംഗലം റോഡ്, ചങ്ങനാശ്ശേരി-കവിയൂർ റോഡ് എന്നിവിടങ്ങളിൽ പ്രാഥമിക പരിശോധനയിൽ Granular Sub Base യിലും, Wet Mix Macadam ലും പോരായ്മ ഉള്ളതായി കണ്ടെത്തുകയുണ്ടായി. കൂടുതൽ പരിശോധന കിഫ്ബി യുടെ സെൻട്രൽ ലാബിൽ നടന്നുകൊണ്ടിരിക്കുകയാണ് |
| (ഡി) ഗുണനിലവാര പോരായ്മകളിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയ എല്ലാ പോരായ്മകളും പരിഹരിക്കുന്നതിന് SPV യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ